# അനുഗ്രഹപൂർവ്വം പശ്ചാത്തിലത്തിലേക്കു മറയുവാൻ പഠിക്കുക

സാക് പുന്നൻ

WFTW 03 മെയ് 2015

ക്രിസ്തുവിന്റെ സഭയിൽ ഒഴിച്ചു കൂട്ടാൻ പറ്റാത്തവരായി ആരുമില്ല. ദൈവത്തിന്റെ വേല നമ്മെ കൂടാതെ എളുപ്പത്തിൽ തുടർന്നുകൊണ്ടുപോകുവാൻ കഴിയും. വാസ്തവത്തിൽ തങ്ങളെ തന്നെ ഒഴിച്ചു കൂട്ടാൻ പറ്റാത്തതായി കരുതുന്ന പൊങ്ങച്ചക്കാരായ ആളുകളുടെ സഹായം കൂടാതെ, കുറച്ചു കൂടി നല്ല വിധത്തിൽ അതു തുടർന്നുകൊണ്ടുപോകാൻ കഴിയും! തുടർമാനമായി നാം ഈ കാര്യം തിരിച്ചറിയണം. പൊങ്ങച്ചക്കാരായ ആളുകളെ തന്നെ താഴ്മയുള്ളവനാക്കുന്ന ഒരു നിർദ്ദേശം ഞാൻ ഒരിക്കൽ വായിച്ചു! അതിൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. അയാൾ ഒരു തൊട്ടിയിൽ വെള്ളം നിറയ്ക്കുകയും തന്റെ കൈ മണിബന്ധം വരെ ആ വെള്ളത്തിൽ താഴ്ത്തുകയും ഉടനെ അതു പുറത്തേക്ക് വലിച്ചെടുക്കുകയും ചെയ്യുക. അപ്പോൾ ആ വെള്ളത്തിൽ അവശേഷിക്കുന്ന ദ്വാരത്തിന്റെ അളവായിരിക്കും അയാൾ വിട്ടു പോയതിനു ശേഷം അതു മൂലമുണ്ടാകുന്ന വിടവിന്റെ വലുപ്പം!! നമ്മുടെ വരങ്ങൾ സഭയ്ക്കു പ്രയോജനമുള്ളതാണ്; എന്നാൽ ഒഴിച്ചു കൂടാൻ പാടില്ലാത്തവരായി ആരുമില്ല.

നാം പശ്ചാത്തലത്തിലേക്കു പിൻവലിയുവാൻ ദൈവം നമ്മോട് ആവശ്യപ്പെടുന്ന ഏതു സമയത്തും അതു ചെയ്യുവാൻ നാം മനസ്സുള്ളവരായിരിക്കണം. എന്നാൽ സ്വയംകേന്ദ്രീകൃതനായ ഒരു ക്രിസ്തീയ പ്രവർത്തകൻ ഒരിക്കലും അതു സ്വീകരിക്കുകയില്ല. അയാൾ തന്റെ സ്ഥാനം കഴിയുന്നിടത്തോളം കാലം പിടിച്ചുകൊള്ളുവാൻ ആഗ്രഹിക്കും. അപ്രകാരമുള്ള "ക്രിസ്തീയ നേതാക്കന്മാർ'' ഇന്നു ദൈവത്തിന്റെ പ്രവർത്തനത്തെ തടസ്സപ്പെടുത്തിക്കൊണ്ട് അവരുടെ "സിംഹാസനങ്ങളിൽ'' ജീർണ്ണിച്ചുകൊണ്ടിരിക്കുന്നു. അനുഗ്രഹപൂർവ്വം പശ്ചാത്തലത്തിലേക്കു മറയുകയും മറ്റാരെങ്കിലും അവരുടെ സ്ഥാനം എടുക്കുവാൻ അനുവദിക്കുകയും ചെയ്യുന്നതെങ്ങനെയെന്നെന്ന് അവർക്കറിഞ്ഞുകൂടാ.

അനന്തരാവകാശിയില്ലാത്ത വിജയം ഒരു പരാജയമാണെന്ന ചൊല്ല് നിങ്ങൾ കേട്ടിരിക്കാം. യേശു അതു തിരിച്ചറിയകുയും തന്റെ പ്രവർത്തനം തുടർന്നു കൊണ്ടുപോകാനായി ആളുകളെ പരിശീലിപ്പിക്കുകയും ചെയ് തു. മൂന്നര വർഷത്തിനുള്ളിൽ തന്റെ പ്രവർത്തനത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ അവിടുന്ന് മറ്റുള്ളവരെ പരിശീലിപ്പിച്ചിരുന്നു. നമുക്കു പിൻതുടരാനുള്ള എന്തൊരു മാതൃകയാണത്!

തന്റെ വേല തുടർന്നുകൊണ്ടുപോകാൻ മറ്റുള്ളവരെ പരിശീലിപ്പിക്കേണ്ടതിന്റെ ആവകശ്യകത പൌലൊസ് തിരിച്ചറിഞ്ഞു തിമൊഥെയോസിനെഴുതിയ 2-ാം ലേഖനം 2:2ൽ അദ്ദേഹം തിമൊഥെയോസിനോടു പറഞ്ഞു: "നി എന്നിൽ കേട്ടതെല്ലാം മറ്റുള്ളവരെ പഠിപ്പിക്കുവാൻ കഴിവുള്ള വിശ്വസ്തരായ മനുഷ്യരെ ഭരമേല് പിക്കുക (നാലാം തലമുറയെ)'' (പരാവർത്തനം). ഫലത്തിൽ പൌലൊസ് പറയുന്നത് "നീ ഈ സമ്പത്ത് മറ്റുള്ളവരെ ഭരമേല്പിച്ചു എന്ന് ഉറപ്പു വരുത്തണം, നിന്നെക്കാൾ ചെറുപ്പക്കാരായവർ ഉയർന്നു വരുന്നത് നീ ഒരിക്കലും തടസ്സപ്പെടുത്തരുത്' എന്നാണ്. ബിസിനസുകാർ പോലും "അനന്തരാവകാശിയെ കൂടാതെയുള്ള വിജയം പരാജയമാണ്'' എന്ന തത്വം തിരിച്ചറിയുന്നു. എന്നാൽ അനേക ക്രിസ്തീയ നേതാക്കന്മാരും അതു തിരിച്ചറിഞ്ഞിട്ടില്ല. യഥാർത്ഥത്തിൽ "ഈ ലോകത്തിന്റെ മക്കൾ അവരുടെ തലമുറയിൽ വെളിച്ചത്തിന്റെ മക്കളെക്കാൾ ബുദ്ധിയുള്ളവരാണ്.''

തനിക്കു ചെയ്യാൻ കഴിയുന്നതിനെക്കാൾ നന്നായി കാര്യങ്ങൾ ചെയ്യുവാൻ കഴിയുന്ന, തന്നെക്കാൾ ചെറുപ്പമായവരോട് ഒരാളിൽ അസൂയ ഉളവാക്കുന്നത് സ്വയകേന്ദ്രീകരണം അല്ലാതെ മറ്റൊന്നുമല്ല. ദൈവം ഹാബേലിനെ കൈക്കൊള്ളുകയും തന്നെ തള്ളിക്കളയുകയും ചെയ്തു എന്ന വസ്തുതയാണ് കയീൻ അസൂയാലുവായതിനു കാരണം. ഹാബേൽ അവനെക്കാൾ പ്രായമുള്ള ആളായിരുന്നെങ്കിൽ, അതു സഹിക്കാകുന്നതാകുമായിരുന്നു. എന്നാൽ അവന്റെ ഇളയ സഹോദരൻ അവനെക്കാൾ നല്ലതായി എന്ന വസ് തുതയാണ് ഹാബേലിനെ കൊല്ലുവാൻ തക്കവിധം കയീനെ കോപാകുലനാക്കിയത്.

യോസഫിന്റെ സഹോദരന്മാരുടെ കാര്യത്തിലും ഇതേ കാര്യം തന്നെ നാം കാണുന്നു. യോസഫിന് ദൈവികമായ വെളിപ്പാടുകൾ ലഭിച്ചു. ഈ കാര്യം തന്റെ പത്തു മൂത്ത സഹോദരന്മാർ അസൂയയാൽ നിറയുവാൻ കാരണമായി - അവനെ കൊല്ലുവാൻ ആഗ്രഹിക്കത്തക്ക വിധം അവൻ അസൂയയുള്ളവാരായി തീർന്നു.

ശൌൽ രാജാവ് യുവാവായ ദാവീദിനോട് അസൂയാലുവായിരുന്നു കാരണം "ശൌൽ ആയിരത്തെ കൊന്നു; ദാവീദോ പതിനായിരത്തെ'' എന്നു സ്ത്രീകൾ പാടി. ആ ദിവസം മുതൽ അയാൾ അവനെ കൊല്ലുവാൻ തീരുമാനിച്ചു- മനുഷ്യ ചരിത്രവും ഹാ കഷ്ടം. ക്രിസ്തീയ സഭയുടെ ചരിത്രവും- വീണ്ടും ഇതേ കഥ കൊണ്ടു തന്നെ നിറഞ്ഞിരിക്കുന്നു.

അതുപോലെ, മുതിർന്നവരായ പരീശന്മാർ, യുവാവ് ആയിരുന്ന നസ്രേത്തുകാരൻ യേശുവിന്റെ ബഹുജന സമ്മതിയിൽ അസൂയാലുക്കളാകുകയും എന്തു വില കൊടുത്തും അവിടുത്തെ ക്രൂശിക്കാൻ തീരുമാനിക്കുകയും ചെയ്തു.

മറുവശത്ത്, പുതിയ നിയമത്തിൽ ബർന്നബാസിനെപ്പോലെയുള്ള ഒരു മനുഷ്യനെ നോക്കുന്നത് എത്ര ഉന്മേഷദായകമായ ഒരു താരതമ്യ പഠനമാണ്! പുതിയതായി മാനസാന്തരപ്പെട്ട പൌലൊസിനെ മറ്റാരും സ്വീകരിക്കാതിരുന്നപ്പോൾ തന്റ ചിറകിൽ കീഴിൽ വഹിച്ചു കൊണ്ടുപോയ ഒരു മുതിർന്ന പ്രവർത്തകനായിരുന്നു അദ്ദേഹം. ബർന്നബാസ് അവനെ അന്ത്യോക്ക്യയിലെ സഭയിലേക്കു കൊണ്ടുവരികയും അവനെ ഉത്സാഹിപ്പിക്കുകയും ചെയ്തു. ബർന്നബാസും പൌലൊസും ഒരുമിച്ച് ഒരു മിഷനറി യാത്രയ്ക്കു പോകുന്നത് പ്രവൃത്തികളുടെ പുസ്തകം 13ൽ നാം വായിക്കുന്നു. ഈ ഇളയ പ്രവർത്തകനായ പൌലൊസിനെ തനിക്കുള്ളതിനെക്കാൾ വലിയ ഒരു ശുശ്രൂഷയ്ക്കായി ദൈവം വിളിക്കുന്നു എന്ന് ബർന്നബാസ് കണ്ടപ്പോൾ അവൻ പുറകോട്ടു മാറുകയും അനുഗ്രഹപൂർവ്വം പശ്ചാത്തലത്തിലേക്ക് മാറുകയും ചെയ്തു. പ്രവൃത്തിയുടെ പുസ്തകത്തിൽ "ബർന്നബാസും പൌലൊസും'' എന്ന പ്രയോഗം മിക്കവാറും ശ്രദ്ധിക്കപ്പെടാതെ "പൌലൊസും ബർന്നബാസും'' എന്നു മാറി. ഇന്നു ക്രിസ്തീയ സഭ കഷ്ടം അനുഭവിക്കുന്നതിന്റെ കാരണം, ബർന്നബാസിനെപ്പോലെ പിന്നിലേക്കു മാറാനും മറ്റുള്ളവർ ബഹുമാനിക്കപ്പെടാൻ അനുവദിക്കാനും അറിയാവുന്നവർ വളരെ ചുരുക്കമാണ് എന്നതാണ്. ഒരു പ്രാധാന്യവുമില്ലാത്ത കാര്യങ്ങളിൽ നാ പിന്നിലേക്കു മാറാൻ തയ്യാറാണ്. ഉദാഹരണമായി, ഒരു വാതിലിലൂടെ കടക്കുമ്പോൾ, പിന്നിലേക്കു മാറി നിന്ന് മറ്റൊരാൾ ആദ്യം അതിലൂടെ കടന്നു പോകുന്ന കാര്യം നാം ഗണ്യമാക്കാറില്ല. എന്നാൽ സ്ഥാനം, സഭയിലെ നേതൃത്വം തുടങ്ങിയ പ്രാധാന്യമുള്ള കാര്യങ്ങളിൽ നാം പിന്നിലേക്കു മാറാൻ അത്ര തയ്യാറല്ല. നമ്മുടെ സ്വയജീവൻ അത്രയ്ക്കു വഞ്ചന നിറഞ്ഞതാണ്. വിലയില്ലാത്ത കാര്യങ്ങളിൽ നമുക്ക് ഒരു വ്യാജ താഴ്മയുണ്ട്. എന്നാൽ പ്രധാനപ്പെട്ട കാര്യങ്ങളിലാണ് നാം യഥാർത്ഥത്തിൽ ആയിരിക്കുന്നതുപോലെ നമ്മെ കാണുന്നത്.